<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6734**</u> <u>**21-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**ഹയർ സെക്കണ്ടറി ബാച്ച് പുന:ക്രമീകരണം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കണ്ടറി സ്കൂളുകളിൽ ബാച്ച് പുന:ക്രമീകരണവുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ച സമിതിയുടെ തെളിവെടുപ്പ് പൂർത്തിയായിട്ടുണ്ടോ; സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഹയർ സെക്കണ്ടറി സ്കൂളുകളിൽ ബാച്ച് പുന:ക്രമീകരണവുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ച സമിതിയുടെ തെളിവെടുപ്പ് പുരോഗമിച്ചു വരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതും ഉയർന്ന വിജയശതമാനം ഉള്ളതുമായ മലബാർ മേഖലയിൽ ഉന്നത പഠനത്തിന് യോഗ്യത നേടുന്ന മുഴുവൻ കുട്ടികൾക്കും ഇഷ്ടവിഷയത്തിൽ ഉപരിപഠനം സാധ്യമാക്കുന്ന തരത്തിൽ ഹയർ സെക്കണ്ടറി ബാച്ചുകൾ പുന:ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഹയർ സെക്കണ്ടറി സ്കൂളുകളിൽ ബാച്ച് പുന:ക്രമീകരണവുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ച സമിതിയുടെ തെളിവെടുപ്പ് പുരോഗമിച്ചു വരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ